പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.102

04.06.2018-ൽ മറുപടിയ്ക്ക്

# ലൈറ്റ് മെട്രോ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | പിണറായി വിജയൻ<br>മുഖ്യമന്ത്രി. |
| (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച പുതുക്കിയ മെട്രോ നയത്തിനനുസൃതമായി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ പദ്ധതിരേഖകളിൽ (DPR) ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2017 ഡിസംബറിൽ ഡി.എം.ആർ.സി. കേരള സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച പുതുക്കിയ പദ്ധതിരേഖകൾ പരിശോധിക്കുന്നതിനായി കേരള ഗവൺമെന്റ് ധനവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സെക്രട്ടറിതല സമിതി രൂപീകരിച്ചു പ്രസ്തുത സമിതിയുടെ പരിശോധന പൂർത്തിയായ ശേഷം റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഈ പദ്ധതികൾ സംബന്ധിച്ച് സർക്കാർ ചുമതലപ്പെടുത്തിയ സെക്രട്ടറിതല സമിതി ഇ.ശ്രീധരൻ തയ്യാറാക്കിയ പദ്ധതി രേഖ തള്ളിക്കളയുന്നതിനും പുതിയ പഠനത്തിനും ശിപാർശ നൽകിയിട്ടുണ്ടോ; | (ബി) | ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച് സർക്കാർ ചുമതലപ്പെടുത്തിയ സമിതിയുടെ റിപ്പോർട്ടോ, ശുപാർശയോ ഇതുവരെ സമർപ്പിച്ചിട്ടില്ല. |
| (സി) ഇ. ശ്രീധരൻ തയ്യാറാക്കിയ പദ്ധതിരേഖ തള്ളിക്കളയുവാൻ സെക്രട്ടറിതല സമിതി കണ്ടെത്തിയ കാരണങ്ങൾ വിശദമാക്കാമോ; | (സി) | പദ്ധതിരേഖ തള്ളിക്കളഞ്ഞിട്ടില്ല. സെക്രട്ടറി തല സമിതിയുടെ പരിശോധന പൂർത്തിയായ ശേഷം മാത്രമേ അന്തിമ റിപ്പോർട്ടും സമിതിയുടെ ശുപാർശകളും ലഭ്യമാകുകയുള്ളൂ. |

(ഡി) ലൈറ്റ് മെട്രോ പദ്ധതി വേണ്ടെന്ന് വയ്ക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്?

(ഡി) ലൈറ്റ് മെട്രോ പദ്ധതി വേണ്ടെന്ന് വെയ്ക്കാൻ സർക്കാർ ആലോചിച്ചിട്ടില്ല. പദ്ധതി മുന്നോട്ട് കൊണ്ടു പോകണം എന്നതാണ് സർക്കാർ നിലപാട്. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി ആയതിനാൽ കേന്ദ്ര സർക്കാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കും. ഇതിനു മുന്നോടിയായി സെക്രട്ടറി തല സമിതിയുടെ പരിശോധന നടന്നു വരികയാണ്.

സെക്ഷൻ ഓഫീസർ